## ദൈവസങ്കൽപം ഖുർആനിലും ബൈബിളിലും-3

# പിതാവും ദൈവപുത്രനും

പഠനം

**പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി**

യേശു സ്വന്തത്തെ കുറിച്ചുതന്നെ എൺപതിലേറെ തവണ 'മനുഷ്യപുത്രനെ'ന്ന് പുതിയ നിയമത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. നാലു കാനോനിക്കൽ സുവിശേഷങ്ങളിൽനിന്നുള്ള ചില ഉദാഹരണങ്ങൾ: ''അവർ ശ്ലീലായിൽ സഞ്ചരിക്കവേ ഈശോ അവരോട് അരുളിച്ചെയ്തു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപിക്കപ്പെടുവാനിരിക്കുന്നു'' (മത്തായി 17:21).

"മനുഷ്യപുത്രൻ ഭക്ഷിക്കുന്നവനും പാനം ചെയ്യുന്നവനുമായിട്ടു വന്നു; ഇതാ! ഭോജന പ്രിയനും വീഞ്ഞു കുടിയനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനായ മനുഷ്യൻ എന്ന് അവർ പറയുന്നു" (മത്തായി 11:19).

"എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യ പുത്രന് അധികാരമുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന്ന്" (മത്തായി 9:6). "ആരെങ്കിലും മനുഷ്യപുത്രന് നേരെ ഒരു വാക്കു പറഞ്ഞാൽ അത് അവനോട് ക്ഷമിക്കും" (മത്തായി 12:32).

യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയശേഷം തന്റെ ശിഷ്യന്മാരോട് ജനങ്ങൾ യേശുവിനെക്കുറിച്ച് എന്തു പറയുന്നു എന്നന്വേഷിക്കുവാൻ ചോദിക്കുന്നു: "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്ന് പറയുന്നു?" (മത്തായി 16:14). മത്തായിൽതന്നെ യേശുവിനെ പറ്റി മനുഷ്യപുത്രനെന്ന് 16:27,28; 17:9,12,22; 19:28; 20:18,28; 24:30,37,39,44; 25:31; 26:2,24,45,64 തുടങ്ങിയ സ്ഥലങ്ങളിലും യേശുതന്നെ വിശേഷിപ്പിച്ചതായി കാണാം. ഈ പറഞ്ഞിടത്തെല്ലാം യേശു യേശുവിനെ തന്നെയാണ് ഉദ്ദേശിക്കുന്നതെന്ന കാര്യത്തിൽ ക്രിസ്തീയ പണ്ഡിതന്മാർക്കിടയിൽ തർക്കമില്ല.

ചില ഉദാഹരണങ്ങൾ മാർക്കോസിൽനിന്നും പരിശോധിക്കാം.

"എന്നാൽ ഭൂമിയിൽ മോചിപ്പാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്ന്" (മാർക്കോസ് 2:10).

> ക്രിസ്തുമതം അതിന്റെ വളരെ സങ്കീർണമായ ത്രിത്വസങ്കൽപത്തെ വിശദീകരിക്കുമ്പോൾ, വിശ്വാസം മനുഷ്യന്റെ യുക്തിയുടെയും അറിവിന്റെയും മേഖലകൾക്ക് അപ്പുറത്തുള്ളതാണെന്ന് സമർഥിക്കാൻ ശ്രമിക്കുന്നു. ഇത് ഏതൊരാൾക്കും തന്റെ വിശ്വാസം സമർഥിക്കാൻ പറയാവുന്ന ന്യായമാണ്. എന്നാൽ ഇസ്ലാമാവട്ടെ, അറിവിനെ വിശ്വാസത്തിന്റെ മുന്നുപാധിയായി സ്വീകരിക്കുകയും മനുഷ്യന്റെ ബുദ്ധിക്കും യുക്തിബോധത്തിനും എത്തിച്ചേരാൻ സാധിക്കുന്ന ലളിതമായ സത്യം ശുദ്ധവും കേവലവുമായ ഏകദൈവത്വമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

മാർക്കോസിലെ താഴെ കൊടുക്കുന്ന സൂക്തങ്ങൾ കൂടി പരിശോധിക്കുക: 8:31, 9:9,12,31; 10:33,45; 13:26; 14:21,41,62. ലൂക്കോസ് എഴുതിയ സുവിശേഷത്തിൽനിന്നും ചില ഉദാഹരണങ്ങൾ:

"എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പിക്കാൻ മനുഷ്യ പുത്രന് അധികാരമുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിന്ന്" (5:24). "മനുഷ്യ പുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് ദുഷ്ടരാക്കി നിന്ദിച്ചു നിങ്ങളുടെ പേർ വിടക്കു എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ" (6:22).

"മനുഷ്യ പുത്രൻ തിന്നും കുടിച്ചും വന്നിരിക്കുന്നു" (7:34).

9:22,26,44,56,58; 11:30; 12:8,10; 18:31; 22:22,48,69; 24:7 എന്നീ ഭാഗങ്ങളും കാണുക.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽനിന്നുള്ള ചില ഉദാഹരണങ്ങൾ: "സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെയടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് നിങ്ങൾ കാണും എന്ന് അവനോട് പറഞ്ഞു" (3:15). "അവൻ മനുഷ്യ പുത്രൻ ആകയാൽ ന്യായവിധി നടത്താൻ അവന് അധികാരവും നൽകിയിരിക്കുന്നു" (യോഹന്നാൻ 5:27).

"നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല, നിത്യ ജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിന്നായിട്ടുതന്നെ പ്രവർത്തിപ്പിൻ; അതു മനുഷ്യ പുത്രൻ നിങ്ങൾക്കുതരും" (6:27).

യേശുവിന്റെ കാലക്കാരായ വിശ്വാസികൾ അദ്ദേഹത്തെ മനുഷ്യനായ പ്രവാചകനായാണ് മനസ്സിലാക്കിയത് എന്നതിന് പുതിയ നിയമത്തിൽതന്നെ നിരവധി തെളിവുകളുണ്ട്. "പുരുഷാരം അത് കണ്ടു ഭയപ്പെട്ടു; മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി" (മത്തായി 10:78). യേശുവിനെ ജോസഫിന്റെ മകനായി പുതിയ നിയമം വിശേഷിപ്പിച്ചിട്ടുണ്ട്. "ഇവൻ തച്ചന്റെ മകൻ അല്ലയോ?" (മത്തായി 13:55). യേശുവിനെ ദാവീദിന്റെ പുത്രനെന്നും വിശേഷിപ്പിച്ചിട്ടുണ്ട് (ഉദാഹരണം, മത്തായി 15:22, 10:27,28, ലൂക്കോസ് 18:39).

പുതിയനിയമത്തിൽതന്നെ നിരവധി സ്ഥലങ്ങളിൽ യേശുവിനെ ദൈവപുത്രനെന്നും ദൈവത്തെ പിതാവെന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഈ പിതാ-പുത്ര വിളിയുടെ പിന്നിലെ ഭാഷാപരവും ഇസ്രയേലീ പാരമ്പര്യമനുസരിച്ചുമുള്ള അർഥതലങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നു. വിശുദ്ധ ഖുർആൻ തന്നെയും യഹൂദരിലും ക്രിസ്ത്യാനികളിലും ഉള്ള ദൈവത്തിനും മനുഷ്യർക്കുമിടയിലെ പിതാ-പുത്ര വാദത്തെ സൂചിപ്പിക്കുകയും അതിനെ ആ അർഥത്തിലെടുക്കുന്നതിനെ വിമർശിക്കുകയും തിരുത്തുകയും

ചെയ്തിട്ടുണ്ട് (5:18). പുതിയനിയമത്തിൽ മുഴുവൻ മനുഷ്യരെയും ദൈവപുത്രൻമാർ എന്ന് വിശേഷിപ്പിച്ച സ്ഥലങ്ങളുണ്ട് (യോഹന്നാൻ 1:13). മുഴുവൻ മനുഷ്യരുടെയും പിതാവായി ദൈവത്തെ വിശേഷിപ്പിച്ച ധാരാളം സ്ഥലങ്ങൾ പഴയ നിയമത്തിൽ ഉണ്ട്. ഇത് സൂചിപ്പിക്കുന്നത്, പുത്രനെന്നത് സൃഷ്ടിക്കും പിതാവ് എന്നത് സ്രഷ്ടാവിനും ഇസ്ലാമിന് മുമ്പുള്ള സെമിറ്റിക് ഭാഷകളിലെ ആലങ്കാരിക പ്രയോഗമായിരുന്നുവെന്ന താണ്.

യോഹന്നാൻ സുവിശേഷത്തിലൊഴികെ കാനോനിക്കലായ സുവിശേഷങ്ങളിലൊന്നിലും യേശു സ്വയം ദൈവപുത്രനെന്ന് വിശേഷിപ്പിക്കുന്നില്ല എന്നതാണ് ശ്രദ്ധേയമായ മറ്റൊരു സംഗതി. പിൽക്കാലത്തുണ്ടായ വിശ്വാസ വ്യതിയാനങ്ങൾക്കനുസരിച്ച് പൂർവ പ്രമാണങ്ങളെ മാറ്റുന്ന സുനഹദോസുകളുടെ പ്രവണത, അരമായിക്-സുര്യാനി ഭാഷകളിലെ യഥാർഥ പ്രയോഗവും വിവർത്തനങ്ങളിൽ സംഭവിച്ചേക്കാവുന്ന സ്ഖലിതങ്ങളും, ദൈവപുത്രനെന്ന പ്രയോഗത്തിലെ ആലങ്കാരികത, നാലു കാനോനിക്കൽ സുവിശേഷങ്ങളിലുമായി 80ലേറെ തവണ യേശുതന്നെ സ്വയം മനുഷ്യപുത്രനെന്ന് വിശേഷിപ്പിച്ചത്, ബൈബിളിൽ തന്നെ പഴയ നിയമത്തിലും പുതിയ നിയമത്തിലും മനുഷ്യനെ പുത്രനായും ദൈവത്തെ പിതാവായും പരിചയപ്പെടുത്തിയ വചനങ്ങൾ, സർവോപരി ബൈബിൾ പഴയനിയമവും പുതിയനിയമവും തന്റെ വരവ് സംബന്ധമായി മുമ്പേ തന്നെ സന്തോഷവാർത്ത അറിയിച്ചുവെന്ന അവകാശവാദത്തോടു കൂടി യേശുവിന് ശേഷം വന്ന പ്രവാചകൻ നല്കിയ വിശദീകരണവും തിരുത്തും- ഇതെല്ലാം മുമ്പിൽ വെച്ചുകൊണ്ട് മാത്രമേ വിഷയത്തെ ശരിയായ രൂപത്തിൽ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

പുതിയനിയമത്തിലെ ലൂക്കോയിൽ പറയുന്ന യേശുവിന്റെ വംശപരമ്പര (ദൈവപുത്രന് വംശപരമ്പരയോ?) അവസാനിപ്പിക്കുന്നതുതന്നെ 'ആദാം ദൈവത്തിന്റെ മകൻ' (ലൂക്കോ 3:38) എന്ന് പറഞ്ഞുകൊണ്ടാണ്. ദൈവം പിതാവായും ഇസ്രാഈൽ ജനത ദൈവപുത്രന്മാരായും വിശേഷിപ്പിക്കപ്പെട്ടത് പുതിയ നിയമത്തിലും നിരവധി ഇടങ്ങളിൽ കാണാൻ സാധിക്കും. ഉദാഹരണമായി യഹൂദന്മാർ പറയുന്നു: "ഞങ്ങൾ പരസംഗത്താൽ ജനിച്ചവരല്ല. ഞങ്ങൾക്ക് ഒരു പിതാവേയുള്ളൂ. ദൈവം തന്നെ എന്നു പറഞ്ഞു" (യോഹന്നാൻ 8:41). ഇതിന് മറുപടിയായി യേശു പറഞ്ഞു: "ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു" (യോഹന്നാൻ 8:42). യേശു മരിച്ചവനെ ദൈവാനുമതിയോടു കൂടി ജീവിപ്പിച്ചു സംസാരിപ്പിച്ച സന്ദർഭത്തിൽ പോലും പുരുഷാരം പറഞ്ഞതായി ലൂക്കോ (7:17) ഉദ്ധരിക്കുന്നത് "ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു"വെന്നാണ്. യേശു യരൂശലേമിൽ പ്രവേശിച്ചപ്പോൾ ആർത്തിളകിയ നഗരത്തിലെ ജനങ്ങളിൽ ചിലർ 'ഇവൻ ആര്' എന്ന് ചോദിച്ചപ്പോഴും പുരുഷാരം നൽകിയ മറുപടി "ഇവൻ ഗലീലിയയിലെ നാസറത്തിൽനിന്നുള്ള പ്രവാചകനായ യേശു"എന്നായിരുന്നു (മത്തായി 21:11).

മുകളിലുദ്ധരിച്ച പുതിയനിയമ വചനങ്ങൾ നേരത്തെ ഉദ്ധരിച്ച വചനങ്ങളുമായി ചേർത്തു വായിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുക, 'പിതാവ്' എന്നത് 'സ്രഷ്ടാവിനും' 'ദൈവ'ത്തിനുമെന്ന പോലെ, 'പുത്രൻ' എന്നത് ദൈവത്തിന്റെ മനുഷ്യരായ സൃഷ്ടിക്കും ആലങ്കാരികമായി ഉപയോഗിക്കപ്പെട്ട പദമാണെന്നും, അത് മറ്റുള്ളവരിലെല്ലാം ആലങ്കാരികമായിരിക്കുമ്പോൾ യേശുവിൽ മാത്രം യഥാർഥ അർഥത്തിലായിരിക്കാൻ നിവൃത്തിയില്ല എന്നുമാണ്. യേശുവുമായി ബന്ധപ്പെട്ടിടത്ത് ദൈവത്തെ പിതാവെന്നും യേശുവിനെ ദൈവപുത്രനെന്നും വിശേഷിപ്പിച്ചതിന് പദത്തിന്റെ യഥാർഥ വിവക്ഷ നൽകിയാൽ യേശുവിനെ മനുഷ്യനെന്നും പ്രവാചകനെന്നുമൊക്കെ വിശേഷിപ്പിച്ചത് നിരർഥകമായിത്തീരുകയും ചെയ്യും. മാത്രവുമല്ല, അങ്ങനെയൊരു വിവക്ഷ നൽകി യുക്തിഭദ്രവും ഏകീകൃതവുമായ ദൈവസങ്കൽപവും വിശ്വാസസംഹിതയും രൂപപ്പെടുത്തിയെടുക്കാനും സാധ്യമല്ല. അതുകൊണ്ടാവാം ക്രിസ്തു സംബന്ധമായി 150 കോടിയോളം വരുന്ന ലോക മുസ്ലിംകൾക്ക് ഖുർആനിലധിഷ്ഠിതമായ ഒരു ഏകീകൃത വീക്ഷണമുള്ളപ്പോൾ, ക്രിസ്തു സംബന്ധമായി ലോക ക്രിസ്ത്യാനികൾക്ക് ബൈബിളിലധിഷ്ഠിതമായ ഏകീകൃത തീരുമാനത്തിലെത്താൻ സാധിക്കാതെ പോയതും.

ക്രിസ്തുമതം അതിന്റെ വളരെ സങ്കീർണമായ ത്രിത്വ സങ്കൽപത്തെ വിശദീകരിക്കുമ്പോൾ, വിശ്വാസം മനുഷ്യന്റെ യുക്തിയുടെയും അറിവിന്റെയും മേഖലകൾക്ക് അപ്പുറത്തുള്ളതാണെന്ന് സമർഥിക്കാൻ ശ്രമിക്കുന്നു. ഇത് ഏതൊരാൾക്കും തന്റെ വിശ്വാസം സമർഥിക്കാൻ പറയാവുന്ന ന്യായമാണ്. എന്നാൽ ഇസ്ലാമാകട്ടെ, അറിവിനെ വിശ്വാസത്തിന്റെ മുന്നുപാധിയായി സ്വീകരിക്കുകയും മനുഷ്യന്റെ ബുദ്ധിക്കും യുക്തിബോധത്തിനും എത്തിച്ചേരാൻ സാധിക്കുന്ന ലളിതമായ സത്യം ശുദ്ധവും കേവലവുമായ ഏക ദൈവത്വമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. സാദൃശ്യങ്ങളിലൂടെയും സമാനതകളിലൂടെയും മാത്രം വസ്തുക്കളെയും പ്രതിഭാസങ്ങളെയും ഗ്രഹിക്കുന്ന മനുഷ്യ മനസ്സിന്റെ ഗ്രാഹ്യതക്ക് അപ്പുറത്താണ് അദ്വിതീയനായ ദൈവത്തിന്റെ സ്വരൂപം എന്ന് വ്യക്തമാക്കുന്നു. ദൈവത്തിന് സമാനമായും സദൃശ്യമായും കാണിച്ചു കൊടുക്കാനോ വിശദീകരിച്ചു കൊടുക്കാനോ പറ്റുന്ന ഒന്നും തന്നെ പ്രപഞ്ചത്തിലില്ലെന്ന് വിശുദ്ധ ഖുർആൻ 112-ാം അധ്യായം 6-ാം സൂക്തത്തിൽ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ക്രിസ്തുമതമാകട്ടെ ദൈവത്തിന്റെ സ്വരൂപത്തെ മനുഷ്യന് സമാനമായി കാണുകയും (ഉൽപത്തി 1:27), പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് തുടങ്ങിയ മൂന്ന് ദൈവിക തലങ്ങളുള്ള ഒരു ഏകദൈവിക സത്തയെ സൃഷ്ടിച്ചെടുക്കുക മുഖേന ദൈവിക സ്വരൂപത്തെ വിശകലന വിധേയമാക്കുകയും ചെയ്യുന്നു. അതായത് ക്രിസ്തുമതം ആദ്യം വിശ്വസിക്കുകയും പിന്നീട് അറിവിനെ വിശ്വാസത്തിനനുസരിച്ച് രൂപപ്പെടുത്തുകയും ചെയ്യുമ്പോൾ ഇസ്ലാം ആദ്യം അറിയുവാനും പിന്നീട് വിശ്വാസത്തെ തദനുസാരം രൂപപ്പെടുത്താനും ആവശ്യപ്പെടുന്നു.

വർത്തമാന ക്രിസ്തുമതം ഏറക്കുറെ പരിചയപ്പെടുത്തപ്പെടുന്നത് കർമത്തെ ആവശ്യപ്പെടാത്ത വെറും വിശ്വാസ സംഹിത (orthodoxy) മാത്രമായിട്ടാണ്. ഇസ്ലാമാകട്ടെ, അതിന്റെ വിശ്വാസികളിൽനിന്നും അശ്രാന്തവും നിരന്തരവുമായ കർമം ആവശ്യപ്പെടുന്ന യുക്തിപരതയിലധിഷ്ഠിതമായ ഒരു വിശ്വാസ-കർമ സംഹിത (Rational orthodopraxy) ആണ്. ഇസ്ലാം യുക്തിബോധത്തിലും ആത്മബോധത്തിലും അധിഷ്ഠിതമായ ജീവിതത്തിന്റെ നിഖില കർമ മേഖലകളെയും ചൂഴ്ന്നു നിൽക്കുന്ന വിശ്വാസം കൂടിയാണ്. ഖുർആനിൽ വിശ്വാസത്തെ സൽകർമങ്ങളുമായി ചേർത്തു പറയാത്ത ഇടങ്ങൾ

വളരെ വിരളമാണ്. മാത്രവുമല്ല, ഓരോ വൃക്ഷവും അത് ഉൽപാദിപ്പിക്കുന്ന ഫലത്തിലൂടെയാണ് പേരു വിളിക്കപ്പെടുന്നത്. അതുപോലെ നിത്യേന വ്യക്തിക്കും സമൂഹത്തിനും സൽകർമങ്ങളെന്ന മധുര ഫലങ്ങൾ ഉൽപാദിപ്പിക്കുന്ന മനുഷ്യമനസ്സിൽ ആഴ്ന്നിറങ്ങിയ വ്യക്തിക്കും സമൂഹത്തിനും രാഷ്ട്രത്തിനും തണലേകാൻ മാത്രം ആകാശംമുട്ടെ വളരുന്ന ചില്ലകളും ശിഖരങ്ങളും പടർന്ന് പന്തലിച്ച വടവൃക്ഷമാണ് ഖുർആനികഉപമയിൽ സത്യവിശ്വാസം (14:24,25).

ഖുർആനികമായി യേശുവിന് പുതിയതായി എന്തെങ്കിലും നിയമങ്ങൾ നൽകപ്പെട്ടിരുന്നില്ല. മറിച്ച്, ഒരു ഇസ്രാഈലീ പ്രവാചകനായ അദ്ദേഹം മോശെക്കു നൽകപ്പെട്ട നിയമം സത്യപ്പെടുത്താനും പിന്തുടരാനും നിയോഗിക്കപ്പെടുകയായിരുന്നു. ബൈബിൾ പുതിയ നിയമവും ഇത് സ്വീകരിക്കുന്നുണ്ട്. "ഞാൻ ന്യായ പ്രമാണത്തെയോ, പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല; നിവർത്തിപ്പാനത്രെ ഞാൻ വന്നത്" (മത്തായി 5:17). പുതിയ നിയമമനുസരിച്ചു തന്നെ അത് യഹൂദ മതത്തിന്റെ തുടർച്ചയായിരുന്നു. യേശു യഥാർഥത്തിൽ യഹൂദ മതത്തിലെ ജീർണതക്കെതിരെയുള്ള തിരുത്തൽ ശക്തിയായിട്ടാണ് പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നതു തന്നെ. അദ്ദേഹത്തിന്റെ പ്രബോധിതർ ജൂതരായിരുന്നു. അദ്ദേഹം നടത്തിയ മിക്ക പ്രഭാഷണങ്ങളും സിനഗോഗുകളിലായിരുന്നു. യേശുവിന്റെ പേരിൽ യേശുവിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായി ക്രിസ്റ്റ്യാനിറ്റി രൂപംകൊള്ളുന്നത് ആദ്യം പോളിലൂടെയും പിന്നീട് കോൺസ്റ്റന്റൈൻ ചക്രവർത്തിയിലൂടെയുമാണ്. ദൈവത്തെ മഹത്വപ്പെടുത്താനാണെന്ന വ്യാജേന, നുണയും കാപട്യവും ഭോഷ്ക്കുമൊക്കെയാവാമെന്ന് കരുതിയ (റോമർ 3:7) പോൾ യേശു നിവർത്തിപ്പാൻ വന്ന ന്യായപ്രമാണത്തെ (മത്തായി 5:17,19) "ന്യായ പ്രമാണം കോപത്തിനു ഹേതുവാകുന്നു," "ന്യായ പ്രമാണമില്ലാത്തിടത്ത് ലംഘനമില്ല" (റോമർ 4:15), "ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു'' (റോമർ 10:4), "ന്യായപ്രമാണത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏവരും ശാപത്തിൻ കീഴിലാകുന്നു" (ഗലാത്യർ 3:10) എന്നിങ്ങനെ പറഞ്ഞുകൊണ്ട് യേശുവിന്റെ അധ്യാപനങ്ങളെ അടിമേൽ മറിച്ചു. ഈ ആശയങ്ങൾക്കെതിരെ നിലകൊള്ളുകയും യേശുവിന്റെ യഥാർഥ അധ്യാപനങ്ങളിലേക്ക് ജനതയെ ക്ഷണിക്കുകയും ചെയ്ത യേശുവിന്റെ യഥാർഥ അപ്പോസ്തലരെ 'ക്ഷുദ്രണം ചെയ്തു മയക്കുന്നവർ' എന്ന് വിശേഷിപ്പിച്ചു കൊണ്ടാണ് പോൾ നേരിട്ടത് (ഗലാത്യർ 3:1). കോൺസ്റ്റന്റൈൻ ചക്രവർത്തിയാകട്ടെ, ബൈബിൾ പഴയ നിയമത്തിലെ പ്രവചന വ്യാഖ്യാനമനുസരിച്ച് ദാനിയേൽ പ്രവാചകൻ സ്വപ്നം കണ്ട പത്ത് കൊമ്പുള്ള (പത്ത് റോമൻ ചക്രവർത്തിമാർ) ഇരുമ്പു പല്ലുകളോടു കൂടിയ ബീഭത്സ മൃഗത്തിന്റെ (റോമൻ സാമ്രാജ്യം) പതിനൊന്നാമത്തെ കൊമ്പു മാണ്. (റോമൻ സാമ്രാജ്യത്വത്തിലെ 11-ാം ചക്രവർത്തിയായിരുന്നു കോൺസ്റ്റന്റൈൻ). കോൺസ്റ്റന്റൈൻ എ.ഡി 325-ൽ നികയ്യാ എന്ന സ്ഥലത്ത് (ആധുനിക തുർക്കിയിലെ ഇക്മിൻ എന്ന സ്ഥലത്തിനടുത്ത പ്രദേശം) വിളിച്ചു ചേർത്ത കൗൺസിലോടുകൂടി റോമൻ വിശ്വാസങ്ങളും ആചാരങ്ങളും ക്രിസ്തുമത്തിന്റെ ബ്രാൻഡിൽ പ്രചരിച്ചുവെന്നതാണ് ചരിത്രം. അതുകൊണ്ടുതന്നെയാണ് വിൽഡ്യൂറാണ്ടിനെ പോലുള്ള വിഖ്യാത ചരിത്രകാരന്മാർ "ക്രിസ്റ്റ്യാനിറ്റി റോമിനെ കീഴടക്കുകയായിരുന്നില്ല, മറിച്ച് റോമിനാൽ കീഴടക്കപ്പെടുകയായിരുന്നു"വെന്ന് റോമും ക്രിസ്റ്റ്യാനിറ്റിയും തമ്മിലുള്ള ബന്ധത്തെ നിരൂപിച്ചു പറഞ്ഞത്. നികയ്യാ കൗൺസിൽ ശാന്തമായി പര്യവസാനിച്ച ഒരു പുരോഹിത സമ്മേളനമായിരുന്നില്ല. പ്രക്ഷുബ്ധമായിരുന്നു അത്. യേശുവിൽ വിശ്വസിച്ച ജനതയിൽ പോളിനും ഇതര അപ്പോസ്തലർക്കുമിടയിലുണ്ടായിരുന്ന കടുത്ത ഭിന്നിപ്പിനു ശേഷം ഉണ്ടായ ആദ്യത്തെ പിളർപ്പായിരുന്നു അതിന്റെ ഫലം. ആരിയന്റെ(Arian) കീഴിൽ യേശുവിന്റെ അധ്യാപനങ്ങളെ മുറുകെ പിടിച്ചിരുന്ന ശുദ്ധ ഏകദൈവ വിശ്വാസികളായിരുന്ന (Unitarianist) ഒരു വിഭാഗം ക്രിസ്റ്റ്യാനിറ്റിയിൽ അതിനു ശേഷവും ഉണ്ടായിരുന്നുവെങ്കിലും റോമൻ സാമ്രാജ്യത്വത്തിന്റെ പിൻബലമുണ്ടായിരുന്ന റോമൻ വിശ്വാസങ്ങളോടും ആചാരങ്ങളോടും വളരെയധികം സമാനതകളുള്ള ത്രിത്വ സങ്കൽപത്തിലധിഷ്ഠിതമായ ക്രിസ്റ്റ്യാനിറ്റി ഏരിയൻ വിഭാഗത്തിന്റെ രക്തത്തിന്റെ ചെലവിൽ വളരുകയാണുണ്ടായത്.

> മുഹമ്മദ് നബി യേശുവിന്റെ സ്നേഹവും മോശയുടെ നിയമവും സമ്മേളിക്കുന്ന ബിന്ദുവാണ്. ഇസ്‌ലാം യേശു പഠിപ്പിച്ച യഥാർഥ അധ്യാപനങ്ങളുടെ ആത്മാംശവും യഹൂദമതത്തിന്റെ ഭൗതികാംശവും സമന്വിതമായ വ്യവസ്ഥിതിയാണ്. അത് ശക്തിയുടെയും കാരുണ്യത്തിന്റെയും മിശ്രണമാണ്. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും രചനാത്മക വശങ്ങൾ ഖുർആൻ ഉൾക്കൊള്ളുന്നു.

ഒരുകാര്യം വ്യക്തമാണ്. മുഹമ്മദ് നബി യേശുവിന്റെ സ്നേഹവും മോശയുടെ നിയമവും സമ്മേളിക്കുന്ന ബിന്ദുവാണ്. ഇസ്‌ലാം യേശു പഠിപ്പിച്ച യഥാർഥ അധ്യാപനങ്ങളുടെ ആത്മാംശവും യഹൂദമതത്തിന്റെ ഭൗതികാംശവും സമന്വിതമായ വ്യവസ്ഥിതിയാണ്. അത് ശക്തിയുടെയും കാരുണ്യത്തിന്റെയും മിശ്രണമാണ്. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും രചനാത്മക വശങ്ങൾ ഖുർആൻ ഉൾക്കൊള്ളുന്നു. ബൈബിൾ, അത് പഴയ നിയമമാവട്ടെ പുതിയ നിയമമാവട്ടെ അതിന്റെ സൂക്തങ്ങൾ പ്രതിപാദിക്കപ്പെടുന്ന വിഷയങ്ങളിൽ പരിമിതിയും വിവരണ രീതിയിൽ ചരിത്രപരമായ ക്രമാനുഗതികത്വവും പുലർത്തുമ്പോൾ ഖുർആന്റെ പ്രതിപാദന ശൈലി ചരിത്രപരമായ ക്രമാനുഗതികത്വം പുലർത്തുന്നില്ല. കൂടാതെ, അതിന്റെ സൂക്തങ്ങൾ ഒരിക്കലും പ്രതിപാദിക്കപ്പെടുന്ന വിഷയങ്ങളിൽ ഒതുങ്ങാതിരിക്കുകയും വിജ്ഞാനശാഖകൾക്ക് കൃത്രിമമായി സൃഷ്ടിക്കപ്പെട്ട മതിലുകളെയും വേലികളെയും ഭേദിക്കുകയും ചെയ്യുന്നു. അപ്പോഴും പ്രാപഞ്ചികതയുടെയും ധാർമികതയുടെയും സംഗീതാത്മകമായ ലയം അതിന്റെ സൂക്തങ്ങൾക്കിടയിൽ നമുക്ക് കാണാൻ കഴിയുന്നു. ഖുർആൻ മനുഷ്യ ജീവിതത്തിന്റെ പരിഛേദം പോലെ സ്നേഹവും നിയമവും, കാരുണ്യവും ശക്തിയും, രാഷ്ട്രീയവും ധാർമികതയും, ആധ്യാത്മികതയും ഭൗതികതയും, ചരിത്രവും സാമ്പത്തിക ശാസ്ത്രവും, വർത്തമാനവും ഭാവിയും, വേരും കൊമ്പുചില്ലകളും, സ്വകാര്യതയും പൊതുജീവിതവും, വിശ്വാസവും അറിവും, ഇഹവും പരവും ഇടകലർന്ന് നിൽക്കുന്ന ഒരു അതുല്യ ഗ്രന്ഥമാണ്. മനുഷ്യപ്രശ്നങ്ങളെല്ലാം ഒന്നിനോ

ടൊന്ന് ബന്ധപ്പെട്ടിരിക്കുന്നതുപോലെയാണ് അതിന്റെ പ്രതിപാദനം തന്നെ, ജീവിതത്തെ അതിന്റെ സാകല്യത്തിലാണ് ഖുർആൻ നോക്കിക്കാണുന്നത്. ഖുർആനിൽ മോശെയുടെ ജീവിതത്തെ പരാമർശിക്കുന്ന ഒരു ഭാഗം പെട്ടെന്ന് പരലോകജീവിതത്തിൽ ചെന്ന് അവസാനിക്കാം! അതിപുരാതനത്വത്തിൽനിന്നും അനന്തഭാവിയിലേക്ക് പ്രകാശ വേഗതയിലുള്ള സഞ്ചാരം പോലെ അത് അനുവാചകന് അനുഭവപ്പെടുന്നു. പ്രകൃതിഭംഗിയെ പരാമർശിക്കുന്ന ഒരു സൂക്തം പ്രാപഞ്ചിക സത്യത്തിൽ ചെന്ന് അവസാനിക്കുന്നതും ഖുർആനിൽ കാണാം. ക്രിസ്തുമതം ദിവ്യവൽക്കരിക്കപ്പെട്ട ഒരു വ്യക്തിയെ അച്ചുതണ്ടാക്കി കറങ്ങുന്ന ഒരു വിശ്വാസ സമുച്ചയം ആയിരിക്കുമ്പോൾ, ഇസ്‌ലാം ഒരു ആശയത്തെയും ഗ്രന്ഥത്തെയുമാണ് അച്ചുതണ്ടാക്കുന്നത്. ഈ ആശയത്തെയും ഗ്രന്ഥത്തെയും പഠിപ്പിച്ചും പ്രവർത്തിച്ചും പ്രയോഗവൽക്കരിച്ചും കാണിക്കുന്ന പ്രവാചക ജീവിതത്തിന്റെയും അധ്യാപനങ്ങളുടെയും സാന്നിധ്യത്തെ അത് അനിവാര്യമാക്കിത്തീർക്കുകയും ചെയ്യുന്നു. ഖുർആനികമായി യേശുവിന്റെ അധ്യാപനങ്ങൾ, എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ശുദ്ധ ഏകദൈവത്വത്തിലധിഷ്ഠിതമായ ഇസ്‌ലാം തന്നെയാകുന്നു. പക്ഷേ, മനുഷ്യന്റെ യുക്തിയുടെയും ചിന്തയുടെയും ചക്രം നിലച്ചുപോകാൻ നിമിത്തമാകുമാറ് ആ അധ്യാപനങ്ങൾ പുരോഹിത കരങ്ങളാൽ വികൃതവും അയുക്തികവും ദുർഗ്രാഹ്യവും ആക്കിത്തീർക്കപ്പെട്ടുവെന്ന് മാത്രം! ■

(അവസാനിച്ചു)